അതിന്റെ പടിഞ്ഞാറുഭാഗം കടലാണ്. ബാക്കി മൂന്നു ഭാഗവും നദികളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു പഞ്ചായത്താണ് അത്. ഇരുപതിനായിരം ജനങ്ങൾ അധിവസിക്കുന്ന, പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണിത്. അടുത്തകാലത്തുണ്ടായ കടലാക്രമണത്തിന്റെ ഫലമായിട്ട് കണ്ണുവീടു കടപ്പുറം, മാവിലാകടപ്പുറം, വലിയപറമ്പ് കടപ്പുറം, പടന്ന കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം എന്നീ നാലഞ്ചു സ്ഥലങ്ങളിൽ അതിഭീമമായിട്ടുള്ള നഷ്ടങ്ങളും ആപത്തുകളും സംഭവിച്ചിട്ടുണ്ട്. അത് വളരെ പെട്ടെന്ന് പരിഹരിക്കാൻ സാധിക്കുന്നതല്ല. അതിന് കടൽഭിത്തി കെട്ടണം. കടൽഭിത്തി കെട്ടുമ്പോഴും ഏഴിമല, മാവിലാ കടപ്പുറം, തീരദേശ റോഡിന്റെ പ്രവൃത്തി നടത്തിയാലേ കടൽ ഭിത്തി കെട്ടുന്നതിന്റെ ചെലവ് ലഘൂകരിക്കാൻ സാധിക്കുകയുള്ളൂ. ആ പ്രദേശത്തുള്ളവർ വളരെ പിന്നോക്കം നിൽക്കുന്നവരും അങ്ങേയറ്റം വൈഷമ്യങ്ങൾ അനുഭവിക്കുന്നവരുമാണ്. ഒരു വികസന പ്രവർത്തനത്തിന്റേയും പദ്ധതി പ്രവർത്തനത്തിന്റേയും വെളിച്ചംപോലും എത്തിനോക്കാത്ത ഒരു പ്രദേശമാണിത്. അതുകൊണ്ട് ബഹുമാനപ്പെട്ട ജലസേചന വകുപ്പു മന്ത്രിയുടെ അടിയന്തിരമായ ശ്രദ്ധയും അടിയന്തിരവും അനുകൂലവുമായിട്ടുള്ള നടപടികളും ഈ പ്രദേശത്തുകാരോട് ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, രൂക്ഷമായ കടലാക്രമണത്തിന് വിധേയമായ ഒരു സ്ഥലമാണ് വലിയപറമ്പ്. മൂന്നു കിലോമീറ്ററോളം ദൂരത്തിൽ 30 കിലോമീറ്റർ വീതിയിൽ അവിടെ ആക്രമണമുണ്ടായിട്ടുണ്ട്. പത്ത് മുപ്പത്തിയഞ്ച് കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ജൂൺ മാസം അവസാനവും ജൂലൈ മാസം ആദ്യവുമാണ് ഇത് ഉണ്ടായത്. കഴിഞ്ഞ 24–ാം തീയതി ഒരു ചെറിയ ആക്രമണമുണ്ടായി. എന്തായാലും ഇത് ഗവൺമെന്റ് വളരെ ഗൗരവമായിട്ട് കാണുകയും ആവശ്യമായ പ്രതിവിധികൾ തേടുന്നതിനുവേണ്ടി ശ്രമിക്കുകയുമാണ്. മിനിഞ്ഞാന്ന് തന്നെ ബീച്ച് ഇറോഷൻ ചെയർമാനുമായി ഞാൻ ഈ കാര്യം ഡിസ്ക്കസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്തായാലും കഴിയുന്ന തരത്തിൽ, ഈ പ്രദേശത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത നിലയിലുള്ള കാര്യങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം നോക്കാം. അതിനാവശ്യമായ പരിഗണന നൽകുന്നതാണ്.

(4) മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ നിർമ്മാണത്തിലുള്ള കാലതാമസം

ശ്രീ. വി. വി. ജോസഫ്: സർ, മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിക്ക് ഫണ്ടില്ലാത്തതുകൊണ്ട് അതിന്റെ പണി സ്തംഭനാവസ്ഥയിലാണ്. ഞാൻ പല പ്രാവശ്യം ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഈ വർഷം തന്നെ 150 ലക്ഷം രൂപ മാത്രമാണ് അതിന് വക കൊള്ളിച്ചിരിക്കുന്നത്. ശമ്പളമെല്ലാം കഴിഞ്ഞ് 100 ലക്ഷം രൂപ മാത്രമേ ഈ വർഷം പദ്ധതിക്കുവേണ്ടി ചെലവാക്കാനുള്ളൂ. അതേ സമയം രണ്ടു കോടി രൂപയുടെ പഴയ ബില്ലുകൾ കെട്ടിക്കിടക്കുന്നു. പൊന്നുംവില നടപടിക്ക് ഏകദേശം 75 ലക്ഷം രൂപ വേണ്ടി വരും. രണ്ടു കോടി രൂപയുടെ പഴയ ബില്ലുകൾ കെട്ടിക്കിടക്കുന്നതുകൊണ്ട്, അത് കൊടുക്കാൻ പണമില്ലാതെ ഇരിക്കുന്നതുകൊണ്ട് 2 വർഷമായിയാതൊരു പണിയുടേയും ടെൻഡറുകൾ വിളിക്കുന്നില്ല. ഉദ്യോഗസ്ഥൻമാർക്ക് വെറുതെ ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. കോട്ടയം,

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി, എറണാകുളം ജില്ലകളിലെ കാർഷിക മേഖലയുടെ മുഖച്ഛായ മാറ്റാൻ പറ്റുന്ന ഒരു പദ്ധതിയാണ് ഇത്. അവിടുത്തെ കർഷകരുടെ വിചാരമെല്ലാം അറിയാവുന്ന ജലസേചന വകുപ്പു മന്ത്രി എവിടെ നിന്നെങ്കിലും മൂന്നു കോടി രൂപ വകമാറ്റി ഈ പദ്ധതിക്കു വേണ്ടി ഉപയോഗിച്ച് ആ നാട്ടുകാരെ തകർച്ചയിൽ നിന്നു രക്ഷിക്കണം എന്നഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങളും ഞാനും മനസ്സിലാക്കുന്നുണ്ട്. 1986–87–ലെ ബഡ്ജറ്റ് അനുസരിച്ച് പ്ലാനിൽ രണ്ടു കോടി രൂപയാണ് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി വച്ചിരിക്കുന്നത്. രണ്ടുകോടി രൂപകൊണ്ട് എന്തുചെയ്യുമെന്ന് അറിഞ്ഞുകൂടാ. ഒരു കോടി എൺപതുലക്ഷം രൂപയുടെ ബില്ല് കൊടുക്കാനുണ്ട്. ഒരു കാര്യം ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അറിയർ ബില്ല് കൊടുക്കുന്നതിനുവേണ്ടി കുറേ മാറ്റിവച്ചതിൽ നിന്ന് മൂവാറ്റുപുഴ റിവർവാലിക്കുവേണ്ടി കൊടുക്കേണ്ട അറിയർ തീർക്കാൻ ഉദ്ദേശിക്കുകയാണ്. ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്തു, രൂപ തരാമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

(5) കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. ടി. വി. വിജയരാജൻ: സർ, കരുനാഗപ്പള്ളി ഗവൺമെൻറ് ഹൈസ്കൂളിന്റെ ശോചനീയസ്ഥിതി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. ആറേഴുവർഷങ്ങൾക്കു മുൻപ് മിഡിൽസ്കൂളായി പ്രവർത്തിച്ചിരുന്നതാണ്. അത് അപ്ഗ്രേഡ് ചെയ്ത് ഇപ്പോൾ ഹൈസ്കൂളാക്കി. ഫ്ളഡ് റിലീഫിൽ രണ്ടു ഷെഡ്ഡുകളും കെട്ടിയതൊഴിച്ചാൽ അവിടെ മറ്റു കെട്ടിടങ്ങളൊന്നും ഉണ്ടായിട്ടില്ല. 34 ഡിവിഷനുകളോളം ഇന്ന് അവിടെയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അവിടെവന്ന് കണ്ട് ബോദ്ധ്യപ്പെട്ടതും മെമ്മോറാണ്ടം സ്വീകരിച്ചതുമാണ്. അത് വിദ്യാഭ്യാസമന്ത്രിക്ക് കൊടുത്തുകാണുമെന്ന് വിശ്വസിക്കുന്നു. കഴിയുന്നത്ര വേഗം ഈ ഗവൺമെൻറ് ഹൈസ്കൂളിന് കരുനാഗപ്പള്ളിക്ക് അനുയോജ്യമായ നിലയിൽ ഒരു മൂന്നുനിലകെട്ടിടം ഈ ഗവൺമെൻറിന്റെ കാലത്തു തന്നെ പണിതുതരാൻ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കരുനാഗപ്പള്ളി ഗവൺമെൻറ് സ്കൂളിൽ 54 ഡിവിഷനാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പക്ഷേ അവിടെ 30 ഡിവിഷൻ പ്രവർത്തിക്കാനുള്ള കെട്ടിടങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് സെഷണൽ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ആർ. എൽ. ഇ. ജി. പി. സ്കീമിൽ ഒരു കെട്ടിടത്തിന്റെ പണി നടന്നുവരുന്നുണ്ട്. പണത്തിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(6) കോട്ടായി പഞ്ചായത്ത് ഡിസ്പെൻസറിയുടെ ശോച്യാവസ്ഥ

ശ്രീ. ടി. കെ. ആറുമുഖൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കോട്ടായി പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഡിസ്പെൻസറിയുണ്ട്. അഞ്ചുസെൻറ് സ്ഥലത്ത് ഗവൺമെൻറ് കെട്ടിടവും 80 സെൻറ് സ്ഥലത്ത് വാടകക്കെട്ടിടവുമാണ്. അഞ്ചുസെൻറ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഗവൺമെൻറ് കെട്ടിടം ഇന്നുവരെ പി. ഡബ്ലിയു.ഡി. അറ്റകുറ്റപ്പണികളും നടത്തുന്ന ലിസ്റ്റിൽ പെടുത്തിയിട്ടില്ല. 1957–ൽ

LIBRARY ARCHIVES Kerala Legislative Assembly